"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല - ചേലക്കര ഗ്രാമപഞ്ചായത്ത് -പൊതു കളിസ്ഥലം - സ്ഥലം ഏറ്റെടുക്കൽ - ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(കൈ) നം.220/2025/LSGD തീയതി, തിരുവനന്തപുരം, 10-11-2025**

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29/09/2025 തീയതിയിലെ LSGD/PD/17432/2025-DPLA4 നമ്പർ കത്ത്.
2. ചേലക്കര ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 27/08/2025 ലെ സാധാരണയോഗത്തിലെ 37/1 നമ്പർ തീരുമാനം.
3. ചേലക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 26/09/2025 തീയിയിലെ 3324623-2025 നമ്പർ കത്ത്.
4. 2024-2025 സംസ്ഥാന ബജറ്റിലെ അനുബന്ധം 2, വാല്യം 2, ക്രമനമ്പർ 2816 .

**ഉത്തരവ്**

ചേലക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ചേലക്കര ഗ്രാമ പഞ്ചായത്ത് തോന്നൂർക്കരയിൽ കളിസ്ഥലം വാങ്ങുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നതിനായി പരാമർശം (3) പ്രകാരം ചേലക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2024-2025 സംസ്ഥാന ബജറ്റിൽ പരാമർശം 4 പ്രകാരം 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരുന്ന "ചേലക്കര പഞ്ചായത്ത് -പൊതു കളിസ്ഥലം- സ്ഥലം ഏറ്റെടുക്കൽ" എന്ന പദ്ധതിയ്ക്ക് കളി സ്ഥലം വാങ്ങുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിന് തയ്യാറുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിക്കുകയും ശ്രീ.മോഹൻദാസ് എന്നയാളുടെ അപേക്ഷ ലഭ്യമായിട്ടുള്ളതാണെന്നും ചേലക്കര ഗ്രാമപഞ്ചായത്തിലെ തോന്നൂർക്കര വില്ലേജിൽ സർവ്വേ നമ്പർ 99/12-1 ൽ ഉൾപ്പെട്ട 21.86 ആർ സ്ഥലവും, 99 /12 -2 ൽ ഉൾപെട്ട 28.12 ആർ സ്ഥലവും ചേർത്ത് ആകെ 49.98 ആർ സ്ഥലം തോന്നൂർക്കരയിൽ കളിസ്ഥലം വാങ്ങുന്നതിന് ഭരണാനുമതി ലഭ്യമാക്കണമെന്നുമാണ് അപേക്ഷിച്ചിട്ടുള്ളത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചേലക്കര നിയോജകമണ്ഡലത്തിലെ ചേലക്കര ഗ്രാമപഞ്ചായത്ത് തോന്നൂർക്കരയിൽ പൊതുകളിസ്ഥലം വാങ്ങുന്നതിനായി കണ്ടെത്തിയ സ്ഥലത്തിന്റെ റവന്യൂ രേഖകളുടെ ആധികാരികത തൃശ്ശൂർ ജില്ലാ കളക്ടർ മുഖേന പരിശോധിച്ചതിൽ,

തോന്നൂർക്കര വില്ലേജിൽ ശ്രീ എം. മോഹൻദാസ്, മണ്ടലെ വീട് എന്നവരുടെ ഉടമസ്ഥതയിലുള്ള 99/12-1 സർവ്വെ നമ്പറിൽ ഉൾപ്പെട്ട 21.86 ആർ സ്ഥലവും, 99/12-2 സർവ്വെ നമ്പറിൽ ഉൾപ്പെട്ട 28.12 ആർ സ്ഥലവും ഉൾപ്പെടെ ആകെ സ്ഥലം 49.98 ആർ സ്ഥലത്തിനു നികുതി അടച്ച് വരുന്നതായും, ഭൂമിക്ക് ബാധ്യതകളില്ലെന്നും കാണുന്നു. ഭൂമി "Residential Plot with Panchayat Road Access" വിഭാഗത്തിൽ ഉൾപ്പെട്ടതും, ഫെയർവാല്യൂ പ്രകാരം ആറിന് ₹1,58,400/- ന്യായവില നിശ്ചിയിച്ചിട്ടുള്ളതുമാണ്. പരാമർശം (4) പ്രകാരം 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്ന "ചേലക്കര പഞ്ചായത്ത് -പൊതു കളിസ്ഥലം- സ്ഥലം ഏറ്റെടുക്കൽ" എന്ന പ്രവൃത്തിക്ക് **ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് 100 ലക്ഷം രൂപ അഡീഷണൽ പ്രൊവിഷനായി ഇ-അനുമതി പോർട്ടലിൽ അനുവദിച്ചിട്ടുണ്ട്.** ചേലക്കര ഗ്രാമപഞ്ചായത്തിലെ തോന്നൂർക്കര വില്ലേജിൽ സർവ്വേ നമ്പർ 99/12-1 ൽ ഉൾപ്പെട്ട 21.86 ആർ സ്ഥലവും, 99/12-2 ൽ ഉൾപെട്ട 28.12 ആർ സ്ഥലവും ചേർത്ത് ആകെ 49.98 ആർ സ്ഥലം,വിലയായി ആർ ഒന്നിന് 158400/- (ഒരു ലക്ഷത്തി അൻപത്തി എട്ടായിരത്തി നാനൂറ് രൂപ) നിരക്കിൽ **79,16,832/-** (എഴുപത്തി ഒൻപതു ലക്ഷത്തി പതിനാറായിരത്തി എണ്ണൂറ്റി മുപ്പത്തി രണ്ട് രൂപ) നൽകി ചുവടെ ചേർക്കുന്ന നിബന്ധനകളോടെ ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സ്ഥലത്തിന്റെ **extent**, റവന്യൂ രേഖകൾ, തണ്ടപ്പേര്, ബാധ്യതകൾ, ഉടസ്ഥാവകാശം, ഉടമസ്ഥ- കയ്യൊഴിക്കൽ അവകാശം, ആധാരം, നൽകേണ്ടുന്ന വിലയുടെ സാധുത എന്നിവ പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

2. വസ്തു വാങ്ങുന്നതിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

3. വസ്തു വാങ്ങുന്നതിലേക്കായി പരാമർശം 4) പ്രകാരം 20% തുക വകയിരുത്തിയിരിക്കുന്ന സാഹചര്യത്തിൽ 2005-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്- ലെ വസ്തു ആർജ്ജിക്കൽ ചട്ടങ്ങളിൽ പറയുന്ന എല്ലാ വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിക്കേണ്ടതും, ചട്ടപ്രകാരമുള്ള രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.അതോടൊപ്പം കളിസ്ഥലം നിർമ്മിക്കുന്നതിന് ആവശ്യമായ എല്ലാ നിബന്ധനകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. ഇപ്രകാരം വാങ്ങുന്ന ഭൂമി വിഭാവനം ചെയ്ത കാര്യത്തിനല്ലാതെ മറ്റൊരു കാര്യത്തിനും ഉപയോഗിക്കാൻ പാടില്ല.

5. "ചേലക്കര പഞ്ചായത്ത്-പൊതു കളിസ്ഥലം- സ്ഥലം ഏറ്റെടുക്കൽ "എന്ന പദ്ധതിയ്ക്ക് ചെലവാക്കുന്ന തുക ബജറ്റ് അടങ്കലായി വകയിരുത്തിയിട്ടുള്ള തുകയിൽ കവിയരുതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

6. ഭൂമി വാങ്ങുന്നതിന് ആവശ്യമായ ചെലവ് **4515-00-800-92(NP)** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ചേലക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി.

തൃശ്ശൂർ ജില്ലാ കളക്ടർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ ഓഡിറ്റ്II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ &പി.ആർ.ഡി, വെബ് ന്യൂ മീഡിയ.

ധനകാര്യ വകുപ്പ്(06/11/2025 ലെ 3313585/DEV-3/301/2025-Fin പ്രകാരം)

റവന്യൂ വകുപ്പ്(07/11/2025 ലെ REV-G2/403-2025-REV പ്രകാരം ).

കരുതൽ ശേഖരം/ ഓഫീസ് പകർപ്പ് (ആർ.ഇ./177/2025-ത.സ്വ.ഭ.വ.).

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 10-11-2025 12:07:24

സെക്ഷൻ ഓഫീസർ